പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2930 **29-10-2026-ൽ മറുപടിയ്ക്ക്**

ദേശീയപാത 66-ന്റെ നിർമ്മാണത്തിലെ കാലതാമസം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) ദേശീയപാത 66 -ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് പലയിടത്തും വളരെ മന്ദഗതിയിലാണെന്നതും ചില ഭാഗങ്ങളിൽ പ്രവൃത്തികൾ പൂർണ്ണമായി നിലച്ചുപോയതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം നൽക്കാമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണ വേളയിൽ ഉയർന്നുവന്ന അധിക ആവശ്യങ്ങൾ, നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ്, കരാറുകാർ/കൺസെഷനയർമാർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി, തുടർച്ചയായ മഴ എന്നിവയാണ് ചില റീച്ചുകളിലെ കാലതാമസത്തിന് കാരണം. ആവശ്യത്തിന് മനുഷ്യവിഭവശേഷിയും യന്ത്രസാമഗ്രികളും സജ്ജീകരിച്ച് പ്രവൃത്തികൾ വേഗത്തിലാക്കാൻ കരാറുകാർക്ക്/കൺസെഷനയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, പൊതുജനങ്ങളുടെ ബുദ്ധിമുട്ട് കുറയ്ക്കുന്നതിനും റോഡ് സുരക്ഷ വർദ്ധിപ്പിക്കുന്നതിനുമായി നിർമ്മാണ മേഖലകളിൽ ഗതാഗത നിയന്ത്രണം, ബാരിക്കേഡുകൾ, മുന്നറിയിപ്പ് ബോർഡുകൾ, മറ്റ് ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ എന്നിവ ഉറപ്പാക്കുന്നുണ്ട്.

(ബി) പ്രവൃത്തികളിലെ കാലതാമസത്തിന് കാരണമായ തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; നിർമ്മാണ വേഗത വർദ്ധിപ്പിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ദേശീയപാത അതോറിറ്റിയുമായി ചേർന്ന് എന്തൊക്കെ അടിയന്തര നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

മറുപടി: ദേശീയപാത-66-ന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി സംസ്ഥാന സർക്കാർ കർശനമായി നിരീക്ഷിച്ചുവരുന്നുണ്ട്. ബഹു. കേന്ദ്ര ഉപരിതല ഗതാഗതവും ദേശീയപാതകളും വകുപ്പ് മന്ത്രി മുമ്പാകെ 2026 ജൂലൈ ഏഴാം തീയതി നേരിട്ട് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ദേശീയപാത 66 ന്റെ നിർമ്മാണത്തിൽ പല സ്ട്രെച്ചുകളിലെയും പ്രവൃത്തികൾ മന്ദഗതിയിലാണെന്നും അത് വേഗത്തിലാക്കുന്നതിനായി വേണ്ട ഇടപെടലുകൾ നടത്തണമെന്നുമുള്ള ആവശ്യം പ്രധാന ഇനമായി അവതരിപ്പിച്ചിട്ടുള്ളതാണ്.

ജനപ്രതിനിധികളുടെ ഭാഗത്തുനിന്നുള്ള അധിക പ്രവൃത്തികൾക്കായുള്ള തുടർച്ചയായ ആവശ്യങ്ങൾ, നിർമ്മാണ വസ്തുക്കളുടെ ലഭ്യതക്കുറവ്, കരാറുകാരും കൺസെഷനയർമാരും നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ എന്നിവയാണ് ദേശീയപാത 66-ലെ ചില ഭാഗങ്ങളിലെ നിർമ്മാണത്തിലെ കാലതാമസത്തിന് കാരണമായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുള്ളത്.

ദേശീയപാത 66 ന്റെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനായി ബഹു. മുഖ്യമന്ത്രിയും, പൊതുമരാമത്ത് വകുപ്പ് മന്ത്രിയും വിളിച്ചു ചേർത്ത യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ, കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന ദേശീയപാത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി തമിഴ്നാട്ടിൽ നിന്ന് കേരളത്തിലേക്ക് stone aggregates-ന്റെ തടസ്സമില്ലാതെയുള്ള അന്തർസംസ്ഥാന ഗതാഗതം ഉറപ്പാക്കുന്നതിന്, നിലവിലെ റെഗുലേറ്ററി ചട്ടക്കൂടിനുള്ളിൽ നിന്ന് സാധ്യമായ രീതിയിൽ ഉചിതമായ ഇളവുകളോ ഭരണപരമായ നടപടികളോ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ചീഫ് സെക്രട്ടറി തമിഴ്നാട് ചീഫ് സെക്രട്ടറിക്ക് അർദ്ധ ഔദ്യോഗിക കത്ത് അയച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനത്തിനായി കാത്തിരിക്കുകയാണ്. അതോടൊപ്പം ദേശീയപാത നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി നൽകുന്ന മണ്ണെടുപ്പ്/കരിങ്കൽ ഖനനം എന്നിവയ്ക്കായുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പുകൽപ്പിക്കുവാൻ വ്യവസായ വകുപ്പിനും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്.

പ്രവൃത്തികൾ വേഗത്തിലാക്കുന്നതിനായി കരാറുകാരും കൺസെഷനയർമാരും നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ ഓരോ കേസിനനുസരിച്ച് വേഗത്തിൽ പരിഹരിച്ചുവരുന്നതായി ദേശീയപാത അതോറിറ്റിയും അറിയിച്ചിട്ടുണ്ട്.

പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി ഒഴിവാക്കിക്കൊണ്ട്, പ്രോജക്ട് സംബന്ധമായ തടസ്സങ്ങൾ പരിഹരിക്കുന്നതിനും, പ്രവൃത്തികൾ വേഗത്തിലാക്കുന്നതിനും, ദേശീയപാത-66 വികസന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സംസ്ഥാന സർക്കാർ ദേശീയപാത അതോറിറ്റിയുമായി ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തളിപ്പറമ്പ് മണ്ഡലത്തിന്റെ പരിധിയിലൂടെ കടന്നുപോകുന്ന ആറുവരി പാതയുടെ റീച്ചിന്റെ നിലവിലുള്ള നിർമ്മാണ പുരോഗതിയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കാമോ;

<u>മറുപടി:</u> വിശദാംശങ്ങൾ അനുബന്ധം-എ (Annexure-A) ആയി ചേർത്തിരിക്കുന്നു.

(ഡി) പ്രസ്തുത മണ്ഡലത്തിന്റെ പരിധിയിലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് നിലവിൽ എന്തെങ്കിലും പ്രത്യേക തടസ്സങ്ങളോ പ്രതിസന്ധികളോ നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ അവ എത്രയും പെട്ടെന്ന് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള/സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ

ANNEXURE-A

Sr. No	Name of Project	Length (km)	Anticipated Completion date	Physical progress (%)	Remarks/Issues
1.	6-laning of Neeleshwaram to Thalipparamba on NH-66	40.11	31.03.2027	87.84	No obstacles reported in this stretch
2.	6-laning of Thalipparamba to Muzhapilangadu on NH-66	29.95	30.04.2028	83.86	Financial crisis faced by the Concessionaire.